മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മൂവാറ്റുപുഴ ആശുപത്രിക്ക് നൂറു ബെഡ്ഡുള്ള വാർഡ് പണിയാൻ സാംഗ്ഷൻ നൽകിയിട്ടുണ്ട്. അതിന് 100 രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച അറ്റകുറ്റ പണിതീർത്ത് ചോർച്ച തടയാനും ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. മരുന്നിനെക്കുറിച്ച് പരാതിക്ക് ഇടയില്ല. മരുന്നു വാങ്ങിക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. സ്പെഷ്യലിസ്റ്റിനെയൊക്കെ നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. കെട്ടിടത്തിന്റെ പണിയെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ബുദ്ധിമുട്ടാണ്. എങ്കിലും ശരി ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യത്തിൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(26) മങ്കാട്ടുകടവു പാലംപണി പൂർത്തിയാക്കൽ

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഇതു പറയുന്നത്. ചോദ്യോത്തരവേളയിൽ പരാമർശിക്കപ്പെട്ട മങ്കാട്ടുകടവു പാലമാണ് വിഷയം. നേരം നിയോജക മണ്ഡലത്തിലുള്ള വിളവൂർക്കൽ പഞ്ചായത്തും തിരുവനന്തപുരം സിറ്റിയുമായി യോജിപ്പിക്കുന്ന പാലമാണ് മങ്കാട്ടുകടവ് പാലം. കഴിഞ്ഞ മൂന്നരവർഷമായി അതിന്റെ പണി നടക്കുന്നില്ല. കാരണം ഡിപ്പാർട്ടുമെന്റിനെതിരായി കേസു കൊടുത്തിരിക്കുന്നു. കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവുണ്ടായിരുന്നു. ഇപ്പോൾ ആ സ്റ്റേ ഉത്തരവ് ഇല്ല. കേസ് തീർന്നിരിക്കുന്നു. അത്യാവശ്യമായ കൈവരി കെട്ടുകയും അപ്രോച്ച് റോഡ് പൂർത്തിയാക്കുകയും ചെയ്താൽ യാത്രക്കാർക്ക് സൗകര്യമായിരിക്കും. അടിയന്തിരമായി ഡിപ്പാർട്ടുമെന്റലായെങ്കിലും ഈ വർക്ക് ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 1977-ൽ കരാർ കൊടുത്ത വർക്കാണ്. കരാറുകാരൻ ഇട്ടിട്ടുപോയി. 1982-ൽ കരാർ അവസാനിപ്പിച്ചു. 1983-ൽ വീണ്ടും കരാർ കിട്ടിയിട്ടുണ്ട്. സ്റ്റേ വാങ്ങിയത് ആദ്യത്തെ കരാറുകാരനാണ്. സ്റ്റേ വെക്കേറ്റ് ചെയ്തു കിട്ടിയിട്ടുണ്ട്. ഈ വർക്കിന് ഈ വർഷത്തെ ബഡ്ജറ്റിൽ ഒന്നരലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കഴിയുന്നതുംവേഗം പണി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(27) എഫ്. എ. സി. റ്റി. യിലെ പ്ലാന്റുകൾ പൂട്ടിയിടുമെന്നുള്ള ഭീക്ഷണി

ശ്രീ. കെ. മുഹമ്മദാലി : കേന്ദ്രഗവൺമെന്റ് ഉടമയ്ലുള്ള കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ എഫ്. എ. സി. ടി. യിലെ ജീവനക്കാർ ഇന്നു വളരെയധികം ആശങ്കാകുലരാണ്. അതിന്റെ പ്രധാനപ്പെട്ട പ്ലാന്റുകൾ പൂട്ടും എന്ന ഭീഷണി നിലനിൽക്കുകയാണ്. കയോലനൈറ്റ് പ്ലാന്റ് ഇപ്പോൾതന്നെ പൂട്ടിക്കഴിഞ്ഞു. സൂപ്പർ ഫാസ്ഫോറിക് പ്ലാന്റും ഫോസ്ഫോറിക് ആസിഡ് പ്ലാന്റും പൂട്ടുമെന്ന ഭീഷണി നിലനിൽക്കുകയാണ്. അവിടെയുള്ള എല്ലാ യൂണിയനുകളും ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അടിയന്തിരമായി മുഖ്യമന്ത്രി ഈ കാര്യത്തിലിടപെടണം. എഫ്. എ. സി. ടി. യുമായി ബന്ധപ്പെട്ട 'ഫെഡോ' യിലെ ഏകദേശം 200 ഓളം ജീവനക്കാർ ഡൽഹി ആസ്ഥാനമായിട്ടുള്ള മറ്റൊരു സ്ഥാപനത്തിലേയ്ക്ക് ഡെപ്യൂട്ടേഷൻ വാങ്ങിക്കൊണ്ടിരിക്കുകയാണ്. കാപ്രോലാക്ടം യൂണിറ്റിന്റെ പണി ആരംഭിച്ച സന്ദർഭ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇന്ന് ആദായത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായ സ്ഥാപനത്തെ ബുദ്ധിമുട്ടിലാക്കുന്ന സാഹചര്യം അടിയന്തിരമായി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം ഉണ്ടാക്കി ഈ ആശങ്ക പുലർത്തുന്ന ജീവനക്കാരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഉദ്യോഗമണ്ഡൽ ഡിവിഷനിലെ അമോണിയം സംഫേറ്റ് പ്ലാന്റും കയോലനൈറ്റ് പ്ലാന്റും അടച്ചുപൂട്ടി. അതിന്റെ ഉൽപ്പാദന ക്ഷമതയുടെ കണക്കുനോക്കിയാൽ കഴിഞ്ഞ പത്തുവർഷമായി ഉൽപ്പാദനക്ഷമത 5.6 ശതമാനമാണെന്നു കാണാം. അതുപോലെതന്നെ അമോണിയം സംഫേറ്റിന്റെ ഉൽപ്പാദനം 17.9 ശതമാനമാണ്. കമ്പനിയെ സംബന്ധിച്ചിടത്തോളം പത്തിരുപതു കൊല്ലമായി അമോണിയം സംഫേറ്റ് പ്ലാന്റിന്റെ പ്രവർത്തനം ഒരു ഭാരമായിത്തീർന്നിരിക്കുകയാണ്. ആ പ്ലാന്റ് അടച്ചു പൂട്ടിയതുകൊണ്ട് തൊഴിലാളികൾക്ക് ആർക്കും തൊഴിലില്ലാതെ ആയിട്ടില്ല. ജീവനക്കാരെ ആരേയും പിരിച്ചു വിട്ടിട്ടില്ല. പിരിച്ചുവിടില്ല എന്ന നിലപാട് മാനേജ്മെന്റ് എടുത്തിരിക്കുകയാണ്. കാപ്രോലാക്ടം പ്രോജക്ടിൽ വർക്ക് തുടങ്ങുമ്പോൾ അവരെ അഡ്ജസ്റ്റ് ചെയ്യാനുള്ള ആലോചനയുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇവിടെ 'ഫെഡോ' യുടെ കാര്യം പറഞ്ഞു. അതേക്കുറിച്ച് അന്വേഷിച്ചപ്പോൾ താൽക്കാലികമായി രണ്ടുവർഷത്തേയ്ക്കുള്ള വർക്ക് ഉണ്ട് എന്നു മനസ്സിലാക്കി. 'ഫെഡോ' യുടെ ആരംഭം മുതൽതന്നെ അതിനോടുള്ള സമീപനത്തെക്കുറിച്ച് പരാതിയുണ്ടായിരുന്നു. ഫെഡോയുടെ എഞ്ചിനീയറെ മാറ്റാൻ പോകുന്നു എന്നു പറയുന്നതു ശരിയല്ല ഏതാനും എഞ്ചിനീയർമാരെ വിട്ടുകൊടുക്കണമെന്നു ആവശ്യപ്പെട്ടിരുന്നുവെങ്കിലും അവരെ വിട്ടുകൊടുക്കുവാൻ പ്രയാസമുണ്ടെന്നു ചെയർമാൻ അറിയിച്ചിട്ടുണ്ട്. ഏതായാലും ഈ കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി കേരളാ ഗവൺമെന്റിന് ചെയ്യാവുന്നതെല്ലാം ചെയ്യുന്നതാണ്.

(28) സംസ്ഥാനത്തെ നഴ്സിംഗ് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ പറയാൻ പോകുന്നത് ഒരു ജീവിത പ്രശ്നമാണ്. നേഴ്സിംഗ് വിദ്യാർത്ഥികൾ ഇപ്പോൾ പരീക്ഷയെഴുതുന്ന സമയമാണ്. ഈ നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് നൂറുശതമാനം ഹാജർ വേണമെന്നാണ് ചട്ടം. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിൽ ഇളവു കൊടുക്കണമെന്നു ഡയറക്ഷൻ കൊടുത്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് ഇളവു കൊടുത്തത്. ആ നിർദ്ദേശം നടപ്പിലാക്കാൻ ഒരു വനിതാ ഉദ്യോഗസ്ഥ തയ്യാറാകാതെ നിരപരാധികളായ നേഴ്സിംഗ് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കിയിരിക്കുകയാണ്. അതുകൊണ്ട് സംസ്ഥാനത്ത് ഒട്ടാകെയുള്ള നേഴ്സിംഗ് വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് ഇരുത്താനുള്ള നടപടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇതിൽ പീരിയഡ് ഇളവു ചെയ്തുകൊടുത്തുകൊണ്ടുള്ള ഓർഡർ കൊടുത്തു എന്നുപറയുന്നതു ശരിയല്ല. നേഴ്സിംഗ് വിദ്യാർത്ഥികളുടെ സമരത്തെത്തുടർന്ന് അവർ എന്നെ വന്നു കണ്ടു ആ അവസരത്തിൽ സമരം അവസാനിപ്പിക്കുന്നതിനുവേണ്ടി താൽക്കാലികമായി അവരെ ജോലിയിൽ നിയമിക്കാനുള്ള നിർദ്ദേശമാണ് കൊടുത്തത്. അവരെ താൽക്കാലികമായി ജോലിയിൽ നിയമിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly